# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 02-12-2013

### തസ്തിക നിർണയം:

# സർക്കാർ ഉത്തരവ് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലംഘനം

**കെ.എസ്.ടി.എ**

സർക്കാർ സ്കൂളുകളിലും കുട്ടികൾ കൂടുതലുള്ള എയ്ഡഡ് സ്കൂളുകളിലും അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കാത്ത സർക്കാർ ഉത്തരവിൽ കെ എസ് ടി എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. പ്രൈമറി, ഹൈസ്കൂൾ ക്ലാസുകളിൽ 1:30, 1:35 എന്ന നിലയിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണമെന്ന വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും അധിക തസ്തികകളിൽ അധ്യാപകരെ സംരക്ഷിക്കുമെന്ന അധ്യാപക പാക്കേജിലെ വാഗ്ദാനത്തിന്റെയും ലംഘനമാണിത്.

കഴിഞ്ഞ മൂന്ന് വർഷങ്ങളായി സ്കൂളുകളിൽ തസ്തിക നിർണയം നടന്നിട്ടില്ല. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് തസ്തിക നിർണയിക്കാത്തതിനാൽ പതിനേഴായിരം അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെട്ടും. ഇതിൽ മൂവായിരത്തോളം സർക്കാർ സ്കൂൾ അധ്യാപകരും ഉൾപ്പെടും. അനുപാതം കുറയ്ക്കുമ്പോഴുണ്ടാകുന്ന തസ്തികകളിൽ അധ്യാപകരെ നിലനിർത്തും എന്നാണ് പാക്കേജിലൂടെ സർക്കാർ ഉറപ്പ് നൽകിയിരുന്നത്. സർക്കാർ സ്കൂളുകളെയും കുട്ടികൾ കൂടുതലുള്ള എയ്ഡഡ് സ്കൂളുകളെയും അനുപാതം കുറയ്ക്കുന്ന നടപടിയിൽ നിന്നും പുതിയ ഉത്തരവിലൂടെ ഒഴിവാക്കിയിരിക്കുകയാണ്. കുട്ടികൾ കുറവുള്ള എയ്ഡഡ് സ്കൂളുകളിൽ മാത്രമാണ് അനുപാതം കുറച്ച് അധ്യാപകരെ നിലനിർത്തുന്നത്. അധികം വരുന്ന അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റാനാണ് നിർദ്ദേശം. വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് അഞ്ചാം ക്ലാസുവരെ മുപ്പതും എട്ടാം ക്ലാസുവരെ മുപ്പത്തിയഞ്ചിലും കൂടുതൽ കുട്ടികളെ ഒരു ക്ലാസിൽ ഇരുത്താനാവില്ല. പുതിയ ഉത്തരവനുസരിച്ച് സർക്കാർ സ്കൂളുകളിലും കുട്ടികൾ കൂടുതലുള്ള എയ്ഡഡ് സ്കൂളുകളിലും ഒരു ക്ലാസിൽ നാൽപത്തിയഞ്ചിൽ കൂടുതൽ കുട്ടികളെ ഇരത്തേണ്ടിവരും. ഇത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ഭാഗമായി കേരളത്തിനുണ്ടാവുമായിരുന്ന നേട്ടത്തെയാണ് ഇതിലൂടെ സർക്കാർ നിഷേധിച്ചിരിക്കുന്നത്. സർക്കാർ സ്കൂളിൽ നിന്നും പുറത്താവുന്ന അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ നിലനിർത്താനാണ് നീക്കം.

അധികതസ്തികകൾ നിർണയിക്കുന്ന രീതിയലും മാറ്റം വരുത്തിയിരിക്കുകയാണ്. ഇനിമുതൽ ക്ലാസ് അടിസ്ഥാനത്തിൽ തസ്തിക നിർണയിക്കുന്നതിന് പകരം പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ മൊത്തം കുട്ടികളുടെ എണ്ണമെടുത്താണ് തസ്തിക നിർണയം നടത്തുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിവിധ ക്ലാസുകളിലെ കുട്ടികളെ ഒരുമിച്ചിരുത്തി പഠിപ്പിക്കുന്നതുപോലെ കേരളത്തിൽ തസ്തിക നിർണയം നടത്തുന്നത് അംഗീകരിക്കാൻ കഴിയില്ല.

സർക്കാർ സ്കൂളുകളിലും കുട്ടികൾ കൂടുതലുള്ള എയ്ഡഡ് സ്കൂളുകളിലും അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് തസ്തിക നിർണയിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി